kozhikode 30/07/2021 Deepika

KKD 2021 ജൂലൈ 30 വെള്ളി ദീപിക

# കിൽകോട്ടഗിരി ആൻഡ് തിരുവമ്പാടി പ്ലാന്റേഷൻ ലിമിറ്റഡ്

## ഓഹരി ഉടമകൾക്കുള്ള നോട്ടീസ്

ബഹുമാനപ്പെട്ട അംഗങ്ങളെ,

1. കമ്പനിയുടെ 102-ാം വാർഷിക പൊതുയോഗം (എജിഎം) 2021 സെപ്റ്റംബർ മൂന്ന് വെള്ളിയാഴ്ച രാവിലെ 11.30 ന് വീഡിയോ കോൺഫറൻസിംഗ് (വിസി)/ അദർ ഓഡിയോ വിഷ്വൽ മീൻസ് (ഒഎവിഎം) സംവിധാനം ഉപയോഗിച്ച് നടത്തുന്ന വിവരം അറിയിക്കുന്നതിനാണ് ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്നത്. കോവിഡ്-19 മഹാമാരി തുടരുന്ന സാഹചര്യത്തിൽ കമ്പനി നിയമം, 2013 ലെ ചട്ടങ്ങൾ അനുസരിച്ചും 2020 മേയ് അഞ്ചിലെ പൊതുസർക്കുലറും 2020 ഏപ്രിൽ എട്ട്, 2020 ഏപ്രിൽ 13, 2002 ജൂൺ 15, 2020 സെപ്റ്റംബർ 28, 2020 ഡിസംബർ 31, 2021 ജനുവരി 13 തീയതികളിൽ, കോർപറേറ്റ്കാര്യമന്ത്രാലയം (എംസിഎ സർക്കുലറുകൾ) പുറപ്പെടുവിച്ച സർക്കുലറുകൾ പ്രകാരവും പൊതുസ്ഥലത്തു അംഗങ്ങൾ സമ്മേളിക്കാതെ വിസി/ ഒഎവിഎം സംവിധാനം ഉപയോഗിച്ച് എജിഎം നടത്താൻ കമ്പനി തീരുമാനിച്ചു.

2. 102-ാം എജിഎമ്മിന്റെ അറിയിപ്പും 2021 മാർച്ച് 31ൽ അവസാനിക്കുന്ന വർഷത്തെ ഫിനാൻഷ്യൽ സ്റ്റേറ്റ് ഉൾപ്പെടെ, 2020 വർഷത്തെ വാർഷികറിപ്പോർട്ടും ഇ-മെയിൽ വഴിമാത്രം, കമ്പനിയിൽ ഇ-മെയിൽ അഡ്രസ് രജിസ്റ്റർ ചെയ്തവർ അല്ലെങ്കിൽ അവരുടെ നിക്ഷേപപങ്കാളി (ഡെപോസിറ്ററി) എന്നിവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന എംസിഎ സർക്കുലർ പ്രകാരം അയയ്ക്കുന്നതാണ്. 102-ാം എജിഎമ്മിൽ അംഗങ്ങൾക്ക് വിസി/ ഒഎവിഎം സംവിധാനം വഴി പങ്കെടുക്കാവുന്നതാണ്. 102-ാം എജിഎമ്മിൽ പങ്കെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഇ-വോട്ടിംഗ് സംവിധാനത്തിൽ വോട്ട് രേഖപ്പെടുത്തുന്ന വിവരങ്ങളും 102-ാം എജിഎമ്മിന്റെ നോട്ടീസിൽ നൽകിയിട്ടുണ്ട്. വിസി/ ഒഎവിഎം സംവിധാനത്തിലൂടെ പങ്കെടുക്കുന്നവരുടെ എണ്ണം കമ്പനി നിയമം 2013 ലെ 103-ാം വകുപ്പ് പ്രകാരം ക്വാറം തികയ്ക്കുന്നതിനായി എണ്ണപ്പെടും.

3. 102-ാം എജിഎമ്മിന്റെ നോട്ടീസും വാർഷിക റിപ്പോർട്ടും www.kktrc.com എന്ന വെബ്സൈറ്റിൽ ലഭിക്കും.

4. കമ്പനിയിൽ ഇ-മെയിൽ രജിസ്റ്റർ ചെയ്യാത്ത ഓഹരി ഉടമകൾക്ക് 102-ാം എജിഎം നോട്ടീസും വാർഷിക റിപ്പോർട്ടും ലഭിക്കുന്നതിനും അല്ലെങ്കിൽ 102-ാം എജിഎമ്മിൽ വിസി/ ഒഎവിഎം സംവിധാനം വഴി പങ്കെടുക്കുന്നതിനും ഇ-വോട്ട് ചെയ്യുന്നതിനും താഴെക്കാണുന്ന രേഖകൾ trcestate@gmail.com എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുക.

a. ഇ-മെയിലിൽ നിങ്ങളുടെ പേര്, ഫോളിയോ നമ്പർ, പൂർണവിലാസം എന്നിവ ഉണ്ടായിരിക്കണം

b. ഷെയർ സർട്ടിഫിക്കറ്റ് കോപ്പി (ഇരു പുറവും)

c. പാൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

d. കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വിലാസം തെളിയിക്കാൻ ഏതെങ്കിലും രേഖയുടെ (ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർ ഐഡി, പാസ്പോർട്ട്) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. ബാങ്ക് വിവരങ്ങൾ രജിസ്റ്റർ ചെയ്യാത്ത ഓഹരി ഉടമകൾക്ക് ബാങ്ക് വിവരങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്, ഇതിനായി അംഗത്തിന്റെ പേരിലുള്ള ക്യാൻസൽ ചെയ്ത ചെക്കും (ജോയിന്റ് ഷെയർ ആണെങ്കിൽ ആദ്യയാളുടെ പേരിലുള്ള ചെക്ക്) നാലാം പാരഗ്രാഫിൽ പറയുന്ന രേഖകളും trcestate@gmail.comലേക്ക് ഇ-മെയിൽ ചെയ്യുക.

6. ഡീമാറ്റ് ഫോമിൽ ഷെയർ ഉള്ളവർ ഇ-മെയിൽ വിലാസവും ബാങ്ക് അക്കൗണ്ട് വിവരങ്ങളും അപ്ഡേറ്റ് ചെയ്യാൻ ബന്ധപ്പെട്ട നിക്ഷേപക പങ്കാളിക്ക് അപേക്ഷ സമർപ്പിക്കുക.

7. ദയവായി ശ്രദ്ധിക്കുക trcestate@gmail.com എന്ന ഇ-മെയിൽ ഐഡി നിക്ഷേപകർക്ക് 102-ാം എജിഎം നോട്ടീസ്, വാർഷിക റിപ്പോർട്ട് അല്ലെങ്കിൽ വിസി/ഒഎവിഎം സംവിധാനം ഉപയോഗിച്ച് നടക്കുന്ന 102-ാം എജിഎമ്മിൽ പങ്കെടുക്കാനുള്ള ലോഗിൻ വിവരങ്ങൾ എന്നിവ ലഭിക്കാൻ വേണ്ടി പ്രത്യേകം തയാറാക്കിയിരിക്കുന്നതാണ്.

8. നോട്ടീസ്/ രേഖകൾ/ വാർഷിക റിപ്പോർട്ട് എന്നിവ ലഭിക്കാൻ ഇ-മെയിൽ ഐഡി നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഓഹരി ഉടമകൾ ഇ-മെയിൽ വിലാസം സാധുതയുള്ളതെന്ന് നിക്ഷേപ പങ്കാളി, കമ്പനി രജിസ്ട്രാർ, ഷെയർ ട്രാൻസ്ഫർ ഏജന്റ് എന്നിവയുമായി ബന്ധപ്പെട്ട് ഉറപ്പാക്കുക.

9. ആദായനികുതി നിയമം 2020, പ്രകാരം അംഗങ്ങൾക്കുള്ള ഡിവിഡന്റ് നൽകുമ്പോൾ, 2020 ഫിനാൻസ് നിയമമനുസരിച്ച് 2020 ഏപ്രിൽ ഒന്നു മുതൽ സ്രോതസിൽനിന്ന് നികുതി കിഴിക്കുന്നത് (ടിഡിഎസ്) കമ്പനി ചെയ്യുന്നതാണ്. വിവിധ വിഭാഗങ്ങൾക്കുള്ള ടിഡിഎസ്, കിഴിവ് ലഭിക്കുന്നുള്ള നിബന്ധനകൾ, ടിഡിഎസ് മുൻഗണന, മറ്റുവിവരങ്ങൾ എന്നിവയും ആവശ്യമായ രേഖകൾ സംബന്ധിച്ച വിവരവും അംഗങ്ങളെ പ്രത്യേകം അറിയിക്കുന്നതാണ്.

10. വാർഷിക റിപ്പോർട്ട്, ഡിവിഡന്റ് അല്ലെങ്കിൽ കമ്പനിയിൽനിന്നുള്ള മറ്റു പരിഗണനകളും ആശയവിനിമയവും ലഭിക്കാൻ ഓഹരി ഉടമകൾ ഇ-മെയിൽ ഐഡി, ബാങ്ക് അക്കൗണ്ട് വിവരം, പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ) എന്നിവ കമ്പനി/ഡിപ്പോസിറ്ററി-യുമായി അപ്ഡേറ്റ് ചെയ്യുക.

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ കമ്പനിയുടെ എല്ലാ അംഗങ്ങളുടെ അറിവിലേക്കായും ഗുണത്തിനായും എംസിഎ സർക്കുലർ ആജ്ഞാനുവർത്തിയായി പ്രസിദ്ധീകരിക്കുന്നു.

കിൽകോട്ടഗിരി ആൻഡ് തിരുവമ്പാടി പ്ലാന്റേഷൻ ലിമിറ്റഡിനു വേണ്ടി

എം.കെ. പട്വാരി
(DIN: 03444886)
ആജീവനാന്ത ഡയറക്ടർ

തീയതി: 2021 ജൂലൈ 19
സ്ഥലം: കോഴിക്കോട്

T2107-447895